**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3701** **12-03-2025 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | അഴിമതി തടയുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങളെല്ലാം ഓൺലൈൻ ആക്കുകയും ആയത് വഴി സേവനങ്ങളെല്ലാം തന്നെ സുതാര്യമാക്കുകയും ചെയ്തിട്ടുണ്ട്. അഴിമതി വിമുക്തമാക്കുന്നതിനായിട്ടുള്ള നിരവധി നിർദ്ദേശങ്ങളും സർക്കുലറുകളും വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടുണ്ട്. ലൈസൻസ്/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ രേഖകൾ ഓഫീസിൽ സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കി പൂർണ്ണമായും ഓൺലൈൻ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സേവനങ്ങൾ നൽകുന്നതിനായുള്ള നിർദ്ദേശങ്ങൾ 21/2021 നമ്പർ സർക്കുലർ മുഖേനയും ഓൺലൈൻ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കുലർ നമ്പർ 19/2021 മുഖേനയും നൽകിയിട്ടുണ്ട്. ഓഫീസ് നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓഫീസുകളിലെ ഏജന്റുമാരുടെ അനാവശ്യ ഇടപെടലുകൾ തടയുന്നതിനായും കൗണ്ടറുകളുടെ സുഗമമായ പ്രവർത്തനം നടത്തുന്നതിനുമായി 16/2013 നമ്പർ സർക്കുലർ മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അഴിമതി തടയുന്നതിനായി 18.10.2022 തീയതിയിൽ രൂപീകരിച്ച ടി.സി. സ്ക്വാഡ് കാര്യക്ഷമമായി പ്രവർത്തിക്കുകയും 17.12.1998 തീയതിയിൽ രൂപീകരിച്ച Internal Vigilance Cell കാലാകാലങ്ങളായി പുനഃസംഘടിപ്പിച്ച് വരുകയും ചെയ്യുന്നുണ്ട്.<br><br>മോട്ടോർ വാഹന വകുപ്പിലെ അതിർത്തി ചെക്ക് പോസ്റ്റുകളിലെ സേവനങ്ങളെല്ലാം ഓൺലൈനായി ലഭ്യമാക്കിയിരിക്കുന്നതിനാൽ അഴിമതി തടയുന്നതിനായി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ചെക്ക്പോസ്റ്റുകളിൽ കുറച്ച്, നിലവിൽ 8 മണിക്കൂർ മാത്രമുള്ള ഡ്യൂട്ടി ആക്കുകയും, മറ്റ് ഉദ്യോഗസ്ഥരെ |

അതാത് ഓഫീസുകളിൽ അയക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ ചെക്ക് പോസ്റ്റുകളിൽ Automatic Number Plate Recognition (ANPR) ക്യാമറകൾ സ്ഥാപിക്കുകയും നിലവിൽ GST വകുപ്പിന്റെ ക്യാമറ ലഭ്യമായ സ്ഥലങ്ങളിൽ ഈ ക്യാമറകളിലെ ദൃശ്യങ്ങൾ ലഭ്യമാക്കുകയും ചെയ്ത് വാഹൻ ഡാറ്റാബേസുമായി പരിശോധിച്ച് രേഖകളുടെ സാധുത വിശകലനം ചെയ്യുകയും ഫിറ്റ്നസ്, പെർമിറ്റ്, ടാക്സ് തുടങ്ങിയ രേഖകൾ കാലാവധിയില്ലാത്ത വാഹനങ്ങളാണെന്ന് ബോദ്ധ്യപ്പെട്ടാൽ ഇത് സംബന്ധിച്ച സന്ദേശം എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ലഭിക്കത്തക്ക രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു. ഇത് പൂർണ്ണമായും സജ്ജമാകുന്നതോടെ ചെക്ക് പോസ്റ്റുകളിൽ നിന്നും ഉദ്യോഗസ്ഥരെ പൂർണ്ണമായി പിൻവലിച്ച് വെർച്വൽ ചെക്ക്പോസ്റ്റുകൾ ആക്കുകയും ചെയ്യും. ഇതുവഴി ചെക്ക് പോസ്റ്റുകളിലെ അഴിമതി പൂർണ്ണമായി അവസാനിക്കുന്നതാണ്. ചെക്ക് പോസ്റ്റുകളിലെ ഡ്യൂട്ടി സമയം 8 മണിക്കൂർ മാത്രമാക്കി കുറച്ചതിനെത്തുടർന്ന് ചെക്ക് പോസ്റ്റുകൾ വഴി മോട്ടോർ വാഹന നിയമങ്ങൾ ലംഘിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി വിവിധ ചെക്ക് പോയിന്റുകളിൽ ഉദ്യോഗസ്ഥരെ വിന്യസിച്ച പ്രത്യേക പരിശോധന നടത്തി വരുന്നുണ്ട്.

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകളും പൊതുജനങ്ങളുടെ അന്വേഷണങ്ങളും പരാതികളും അതാത് ഓഫീസിലെ PRO-മാർ മാത്രം സ്വീകരിക്കാൻ വേണ്ട ഉത്തരവ് പുറപ്പെടുവിച്ച് നടപ്പിലാക്കി വരുന്നു. ഇത് വഴി ഓഫീസിലെ അപേക്ഷകൾ സൂക്ഷ്മമായി പരിശോധിച്ച് കുറവുകളില്ലാത്തവ മാത്രം ഓഫീസുകളിൽ സ്വീകരിച്ച് സേവനങ്ങൾ നൽകാനും സ്വീകരിച്ച അപേക്ഷകൾ പെൻഡിംഗ് ആകുന്നത് തടയാനും സാധിക്കുന്നതാണ്. ഇത് വഴി ഓഫീസിലെ മറ്റ് ജീവനക്കാരെ ഏജന്റുമാർ ഉൾപ്പെടെയുള്ളവർക്ക് സമീപിക്കാനുള്ള സാധ്യത ഇല്ലാതാകുകയും ജീവനക്കാർക്ക് കൂടുതൽ ഫയൽ പരിശോധിച്ച് തീർപ്പാക്കാൻ സമയം ലഭ്യമാകുകയും ചെയ്യുന്നു. കൂടാതെ ഫയലുകളിൽ കാലതാമസം വരുത്തുന്നതിനും അഴിമതിക്കുമുള്ള അവസരങ്ങൾ ഇല്ലാതാക്കുന്നു.

മോട്ടോർ വാഹന വകുപ്പിൽ നിന്നും ലഭ്യമാകേണ്ട പ്രധാന സർവ്വീസുകൾ എല്ലാം ഓൺലൈൻ ആയി അപേക്ഷ നൽകേണ്ടതാണ്. നിലവിൽ 60 തരം ഓൺലൈൻ സേവനങ്ങൾ നൽകുന്നുണ്ട്. Aadhaar Authenticated Service-കൾക്ക് അപേക്ഷകർ

ഓഫീസിൽ പോകുകയോ, അപേക്ഷകളുടെ പകർപ്പുകൾ ഓഫീസിൽ സമർപ്പിക്കുകയോ ചെയ്യേണ്ടതില്ല (faceless). ഇത് അഴിമതിക്കുള്ള സാദ്ധ്യത ഇല്ലാതാക്കുന്നു. നിലവിൽ ലൈസൻസ് സംബന്ധമായ സേവനങ്ങൾ FCFS (First Come First Serve) എന്ന ക്യൂ സംവിധാനം വഴിയാണ് ചെയ്യുന്നത്. ഇതിനാൽ എല്ലാവർക്കും തുല്യപരിഗണന ലഭിക്കുന്നുവെന്നും അപ്രകാരം അഴിമതി ഇല്ലാതാകുമെന്നും ഉറപ്പാക്കാൻ സാധിക്കുന്നതാണ്. അപേക്ഷകർക്ക് ഫയൽ നമ്പർ ഉപയോഗിച്ച് ഫയൽ സ്റ്റാറ്റസ് പരിശോധിക്കാവുന്നതും approval ലഭിക്കുന്ന സമയം mobile sms alert ലഭിക്കുന്നതുമാണ്. RC, License തുടങ്ങിയവയുടെ പ്രിന്റ്, അപേക്ഷകർക്ക് തന്നെ എടുക്കാവുന്ന തരത്തിലും m-parivahan, digilocker തുടങ്ങിയ സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് ലഭ്യമാകുന്ന രീതിയിൽ ആക്കിയത് വഴി approval നൽകുന്ന സമയം തന്നെ അപേക്ഷകർക്ക് പ്രിന്റ് ഡിജിറ്റൽ ആയി ലഭിക്കുന്നതാണ്. ആയതിനാൽ അപേക്ഷകർക്ക് ആർ.ടി. ഓഫീസുകളിലേക്ക് വരുകയോ ബന്ധപ്പെടുകയോ ചെയ്യേണ്ട സാഹചര്യം പരമാവധി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇത് അഴിമതി തടയുന്നു. വാഹന രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ FCFS ആക്കാൻ വേണ്ട ടെസ്റ്റിംഗുകൾ നടത്തി വരുന്നു. ആയത് താമസംവിനാ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ചില ഓഫീസുകളിൽ ഉദ്യോഗസ്ഥരുടെ എണ്ണത്തിന് ആനുപതികമല്ലാതെ വളരെ കൂടുതൽ അപേക്ഷകൾ ലഭിക്കുന്നതായും ചില ഓഫീസുകളിൽ വളരെ കുറവ് അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നതിനാൽ സംസ്ഥാനത്തെ മുഴുവൻ ഓഫീസുകളിലെയും ഉദ്യോഗസ്ഥർക്ക് തുല്യ എണ്ണം അപേക്ഷകൾ ലഭിക്കുന്നതിന് വേണ്ടി നടപ്പാക്കിയതാണ് Unified Counter System. ഇതുവഴി ഉദ്യോഗസ്ഥരുടെ ജോലിഭാരം തുല്യമാകുകയും പൊതുജനങ്ങൾക്ക് സേവനങ്ങൾ കാലതാമസം കൂടാതെ നൽകാൻ സാധിക്കുകയും ചെയ്യും. ഇതും അഴിമതി കുറയ്ക്കുന്നതിന് ഉതകുന്നതാണ്.

മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരായ പരാതികളിൽ അന്വേഷണം നടത്താനും വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ലഭിക്കുന്ന രഹസ്യ വിവരങ്ങൾക്കനുസരിച്ച് അന്വേഷണങ്ങളും പരിശോധനകളും നടത്താനും വേണ്ടി അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ [CVO

| | | | |
|---|---|---|---|
| | | | Chief Vigilance Officer] വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Internal Vigilance Unit രൂപീകരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഇതുവഴിയും അഴിമതിക്ക് തടയിടാൻ സാധിക്കുന്നതാണ്.<br><br>ഡ്രൈവിംഗ് ടെസ്റ്റ്, ഫിറ്റ്നസ്സ് ടെസ്റ്റ് തുടങ്ങിയവയിലെ ക്രമക്കേടുകൾ - Automated Testing Station (ATS), Accredited Driving Testing Centre (ADTC) എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇത് വഴി വാഹനങ്ങളുടെ ഫിറ്റ്നസ്സ് പരിശോധന കൂടുതൽ കർശനമാക്കാനും ഡ്രൈവിംഗ് ടെസ്റ്റ് കൂടുതൽ ശാസ്ത്രീയമായും കർശനമായും നടത്താനും ഇത്തരം പരിശോധനകളിലെ അഴിമതി അവസാനിപ്പിക്കാനും സാധിക്കുന്നതാണ്. |
| (ബി) | 2024-25 വർഷത്തിൽ മോട്ടോർ വാഹന വകുപ്പിലെ എത്ര ജീവനക്കാരാണ് വിജിലൻസ് കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (ബി) | 2024-2025 വർഷത്തിൽ മോട്ടോർ വാഹന വകുപ്പിലെ 12 ജീവനക്കാരാണ് വിജിലൻസ് കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളത്.<br><br>(ആലപ്പുഴ -1, കൊല്ലം - 2, പാലക്കാട് - 6, കോഴിക്കോട്- 1, മലപ്പുറം - 1, എറണാകുളം - 1.) |

സെക്ഷൻ ഓഫീസർ